# ഗവ ഡബ്ല്യൂ എൽ പി സ്കൂൾ

# പള്ളിക്കൽ ഈസ്റ്റ്

### മാവേലിക്കര വിദ്യാഭ്യാസ ജില്ല

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26



# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ ഡബ്ല്യൂ എൽ പി സ്കൂൾ പള്ളിക്കൽ ഈസ്റ്റ്

വിദ്യാഭ്യാസ ഉപജില്ല : മാവേലിക്കര

ഉപജില്ല : മാവേലിക്കര

റവന്യൂ ജില്ല : ആലപ്പുഴ

ജില്ല : ആലപ്പുഴ

താലൂക്ക് : മാവേലിക്കര

പഞ്ചായത്ത് : തെക്കേക്കര

പ്രധാനാധ്യാപിക : വിജയശ്രീ R

ഇമെയിൽ : 36228gwlps@gmail.com

# ആമുഖം

കേരളത്തിന്റെ വികസനത്തിൽ നിർണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിന് ഉള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും സർഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും ഭരണഘടന മൂല്യങ്ങളായ അവസരസമത്വം,മതേതരത്വം,ലിംഗസമത്വം,ശാസ്ത്രാവബോധം പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള അനുകൂല മനോഭാവം കുട്ടികളുടെ അവകാശനിയമം വിദ്യാഭ്യാസ അവകാശനിയമം എന്നിവ ഉറപ്പാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. 2025-26 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് നമ്മൾ ആവിഷ്കരിക്കേണ്ടത്.

എസ് എം സി,എസ് എസ് ജി,പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ വികസന പദ്ധതികൾ അക്കാദമികം,ഭൗതികം,സാമൂഹികം എന്നീ തലങ്ങളിൽ കണ്ടെത്തി ആവിഷ്കരിച്ചു വരുന്നു

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള കഴിവ് ഉറപ്പാക്കുക
- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക
- അടിസ്ഥാന ഗണിതക്രിയകളിൽ നൈപുണ്യം നേടുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- പഠനത്തിൽ പിന്നൊക്കെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ( ശ്രദ്ധ), സഹായം നൽകി പ്രശ്നപരിഹാരം നടത്തുക
- സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് ഒരു നല്ല മാനവിക സംസ്കാരം കുട്ടികൾ വളർത്തുന്നു.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- ലഹരി വസ്തുക്കളുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക. പ്ലാസ്റ്റിക്മുക്ത മാലിന്യമുക്ത സംസ്കാരരീതി വളർത്തുക

# സ്കൂൾ ചരിത്രം

1957ൽ ശ്രീ.ഇ. എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഉള്ള മന്ത്രിസഭാകാലത്താണ് ഗവ.വെൽഫെയർ. എൽ.പി.എസ്.പള്ളിക്കൽ ഈസ്റ്റ് എന്ന വിദ്യാലയം സ്ഥാപിതമായത്.ശ്രീ.ജോസഫ് മുണ്ടശ്ശേരി പ്രത്യേക താൽപ്പര്യം എടുത്താണ് ഹരിജനക്ഷേമം മുൻനിർത്തി ടി വിദ്യാലയത്തിന് അംഗീകാരം നൽകിയത്.സ്കൂളിന്റെ തൊട്ടുതെക്കതിൽ വഴിവിളയിൽ കുടുംബത്തിൽ ശ്രീമതി കാർത്യായനിയാണ് സ്കൂൾ കെട്ടിട നിർമ്മാണർഥം 5 സെന്റ് ഭൂമി ദാനമായി നൽകിയത്.സ്ഥലം തികയാതെ വന്നതിനാൽ നാട്ടുകാർ മുൻകൈയെടുത്ത് പിരിവ് നടത്തി 5 സെന്റ് സ്ഥലം കൂടി വാങ്ങി.അന്നേ കാലം മുതൽ തന്നെ വഴിവിളയിൽ സ്ക്കൂൾ എന്നറിയപ്പെടുന്നു.കുറത്തികാട്ടുള്ള അച്യുതൻപിള്ള സർ ആയിരുന്നു ഈ വിദ്യാലയത്തിന്റെ ആദ്യ സാരഥി.ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പള്ളിയാവട്ടം മുറിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.തികച്ചും ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയമാണ്.

# പ്രവർത്തനങ്ങൾ

## ഉപമേഖല  : മലയാളം ഭാഷാ പഠനം

- എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സ്വതന്ത്രഭാഷണം,ലേഖനം ഇവയിൽ ഏർപ്പെടാനും ഉള്ള കഴിവ് നേടുക.
- സ്കൂൾ അസംബ്ലിയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക വാർത്ത വായന പഴഞ്ചൊല്ല് കടങ്കഥ ക്വിസ് കുട്ടിക്കവിതാലാപനം കഥാകഥനം മഹത്വചനം അനുഭവവേള ഇവ ഉൾക്കൊള്ളിച്ച് അസംബ്ലി വിപുലമാക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പഠന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ഒഴിവുസമയങ്ങൾ കണ്ടെത്തി ഭാഷാശേഷികൾ വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. പദസൂര്യൻ,ചിഹ്നം ചേർത്ത് പദം കണ്ടെത്തൽ,വാക്യകേളി,ചിത്രവായന,ചോദ്യോത്തരപയറ്റ്,കഥചിത്ര വായന,ബാലമാസിക വായന,വായന കാർഡ്
- ലൈബ്രറി പുസ്തകങ്ങൾ അമ്മമാർക്കും കുട്ടികൾക്കും നൽകി വായനക്കൂട്ടം, വായനക്കുറിപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ
- 1,2ക്ലാസുകളിൽ അക്ഷരക്കാർഡ്,പദക്കാർഡ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
- ശ്രദ്ധ പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ,സംയുക്ത ഡയറി,നാട്ടറിവ്
- മലയാളത്തിൽ തിളക്കം പ്രവർത്തനങ്ങൾ
- ഐസിടി സാധ്യത പ്രവർത്തനങ്ങൾ
- ഒന്നൊരുക്കം

## ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും നിലവാരത്തിനനുസരിച്ച് എഴുതുവാനും ലളിതമായ സംഭാഷണങ്ങളിൽ ഏർപ്പെടുവാനുമുള്ള കഴിവ് നേടുക
- English assembly
- Hello English activities
- Reading cards
- Picture reading
- Story telling
- Rhymes
- Riddle
- Old man out
- Word card,picture card, word web
- ICT activities

## ഉപമേഖല : ഗണിതം

- എല്ലാ കുട്ടികൾക്കും ലളിത ഗണിതക്രിയകൾ ഫലപ്രദമായി ചെയ്യുവാനും ഗണിത ചിത്രങ്ങൾ നിർമ്മിക്കുവാനും ഉള്ള കഴിവ് നേടുക
- മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഒന്ന് രണ്ട് ക്ലാസുകളിൽ ഗണിത ക്രിയകൾ ലളിതമാക്കുന്നു
- ലഭ്യമായ ജീവിത സാഹചര്യങ്ങളെ ഗണിതക്രിയകളുമായി ബന്ധപ്പെടുത്തുന്നു
- ഊഹിച്ചു പറയൽ മനക്കണക്ക് ഇവയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു
- ഉല്ലാസ ഗണിതം തുടർ പ്രവർത്തനങ്ങൾ
- ഒന്നൊരുക്കം
- ഐസിടി സാധ്യത പ്രവർത്തനങ്ങൾ

# ഉപമേഖല : പരിസര പഠനം

- കുട്ടിയിൽ ശാസ്ത്രബോധം വളർത്തിയെടുക്കുന്നതിന് പ്രകൃതിയെ തന്നെ പാഠപുസ്തകം ആക്കുന്നു
- വിദ്യാർത്ഥികളിൽ പരിസര സംരക്ഷണ ബോധം വളർത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- വിദ്യാലയം ഹരിതാഭം ആക്കുക
- വിവിധ സസ്യജാലങ്ങൾ, വിവിധ ജീവജാലങ്ങൾ,മണ്ണ്,ജലം ഇവ സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണ് എന്ന ബോധം കുട്ടികളിൽ വളർത്തിയെടുക്കുക
- കൃഷിയോടുള്ള താല്പര്യം വളർത്തുക
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക
- ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു

## ഉപമേഖല :ആരോഗ്യ കായിക വിദ്യാഭ്യാസം

- ആരോഗ്യ കായിക ക്ഷമതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക
- ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുക
- ശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുക
- കായിക ക്ഷമതയുടെ പ്രാധാന്യം തിരിച്ചറിയുക
- നല്ല ആരോഗ്യത്തിന് വ്യായാമം ആവശ്യമാണെന്ന് തിരിച്ചറിയുക

## ഉപമേഖല : കല

- കുട്ടികളിൽ കലാബോധം വളർത്തിയെടുക്കുക
- ക്ലാസ് തല പ്രവർത്തനങ്ങളിൽ നിന്നും കുട്ടിക്ക് താല്പര്യമുള്ള മേഖല കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു
- സർഗ്ഗ വേദികളിൽ അവസരം നൽകുന്നു
- പാഠ്യ പ്രവർത്തനങ്ങളെ കലാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു

# ഉപമേഖല : പ്രവർത്തി പരിചയം

- പാഠഭാഗവുമായി ബന്ധപ്പെടുത്തി ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നു
- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുന്നു
- ശില്പശാലകൾ സംഘടിപ്പിക്കുന്നു

# നിലവിലെ അവസ്ഥ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നത്

Std 1 - 0+2=2

Std 2 - 1+1=2

Std3 - 2+2=4

Std4 - 2+2=4

പ്രീപ്രൈമറി - 2+4=6

ആകെ 12+6=18 കുട്ടികൾ

പ്രീ പ്രൈമറി എസ് എം സി യുടെ മേൽനോട്ടത്തിലാണ്. പ്രഥമാധ്യാപിക ഉൾപ്പെടെ പ്രൈമറിതലത്തിൽ മൂന്ന് അധ്യാപകരും പ്രൈമറിയിൽ ഒരു അധ്യാപികയും ആണ് ഇപ്പോൾ ഉള്ളത്. എൽ പി എസ് ടി യുടെ ഒരു ഒഴിവ് നിലനിൽക്കുന്നു. കുട്ടികൾക്ക് പോഷകസമൃധവും വൃത്തിയുള്ളതുമായ ഭക്ഷണം പാകം ചെയ്യാൻ ഒരു പാചക തൊഴിലാളി ഉണ്ട്.

എസ്.ആർ ജി കൺവീനർ ശ്രീ വികാസ് ആർ ആണ്. എല്ലാ വെള്ളിയാഴ്ചകളിലും എസ്ആർ കൂടി പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. ആഴ്ചയിലൊരിക്കൽ ബാലസഭ കൂടുന്നുണ്ട്.വെള്ളിയാഴ്ചകളിൽ ശുചിത്വക്ലബ്ബിന്റെ

നേതൃത്വത്തിൽ ഡ്രൈ ഡേ ആചരിക്കുന്നുണ്ട്. സയൻസ് ക്ലബ്, ഗണിത ക്ലബ്,ശുചിത്വ ക്ലബ്, ഭാഷ ക്ലബ്,വിദ്യാരംഗം, ലഹരി വിരുദ്ധസമിതി തുടങ്ങിയ പല ഉപഘടകങ്ങളും പ്രവർത്തിക്കുന്നു. PHCയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നിന്നും എല്ലാ അധ്യയന വർഷവും പ്രഭാതഭക്ഷണവും യോഗ ക്ലാസും നീന്തൽ പരിശീലനവും നടത്തിവരുന്നുണ്ട്. തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി തരുന്നുണ്ട്.